# പത്രക്കുറിപ്പ്

**13.11.2017** തീയതി ബി.ജെ.പി യുടെ ആഭിമുഖ്യത്തിൽ നടക്കുന്ന സെക്രട്ടറിയേറ്റ് ഉപരോധത്തോടനുബന്ധിച്ച് അന്നേദിവസം തിരുവനന്തപുരം നഗരത്തിൽ ഗതാഗതക്രമീകരണം ഉണ്ടയിരിക്കുന്നതാണ്.

സെക്രട്ടറിയേറ്റ് ഉപരോധം ആരംഭിക്കുന്ന സമയം മുതൽ തീരുന്നതുവരെ പാളയം - വി.ജെ.റ്റി - സ്റ്റാച്യു - പുളിമൂട് - ആയുർവേദകോളേജ്(എം.ജി .റോഡ്) റോഡിലൂടെയുള്ള ഗതാഗതം ഒഴിവാക്കി വാഹനങ്ങൾ പാളയം - നന്ദാവനം - ബേക്കറി - പനവിള റോഡിലൂടെയോ, വഴുതക്കാട് - സാനഡു - തൈക്കാട് റോഡിലൂടെയോ പോകേണ്ടതാണ്.

സെക്രട്ടറിയേറ്റ് ഉപരോധവുമായി ബന്ധപ്പെട്ട് വരുന്ന പ്രവർത്തകരുടെ വാഹനങ്ങൾ ജനറൽ ആശുപത്രി ജംഗ്ഷനിലെത്തി ആളുകളെ ഇറക്കിയശേഷം ആശാൻ സ്ക്വയറിലെത്തി തിരിഞ്ഞ് - ജനറൽ ആശുപത്രി - പേട്ട - ചാക്ക വഴി ഈഞ്ചയ്ക്കൽ ബൈപ്പാസിൽ എത്തി മാർഗ്ഗതടസ്സം കൂടാതെ സർവ്വീസ് റോഡിൽ പാർക്ക് ചെയ്യേണ്ടതാണ്.

## വാഹനങ്ങൾ വഴിതിരിച്ച് വിടുന്ന സ്ഥലങ്ങൾ

1. പബ്ലിക് ലൈബ്രറി ഭാഗത്ത് നിന്നും കിഴക്കേകോട്ട ഭാഗത്തേയ്ക്ക് പോകുന്ന വാഹനങ്ങൾ നന്ദാവനം - ബേക്കറി - പനവിള – എസ്.എസ് കോവിൽ റോഡ് - ഓവർ ബ്രിഡ്ജ് വഴി പോകേണ്ടതാണ്.

2. ചാക്ക – പേട്ട ഭാഗത്തു നിന്നും കിഴക്കേകോട്ട ഭാഗത്തേയ്ക്ക് പോകുന്ന വാഹനങ്ങൾ ജനറൽ ആശുപത്രിയിൽ നിന്നും തിരിഞ്ഞ് വഞ്ചിയൂർ – കൈതമുക്ക് - ഉപ്പിടാമൂട് പാലം - വഴി പോകേണ്ടതാണ്.

3. കിഴക്കേകോട്ട ഭാഗത്തു നിന്നും വരുന്ന വാഹനങ്ങൾ ആയുർവേദ് കോളേജ് ഭാഗത്തു നിന്നും തിരിഞ്ഞ് കൈതമുക്ക് - വഞ്ചിയൂർ വഴി പോകേണ്ടതാണ്.

വാഹനങ്ങൾ ഗതാഗതതടസ്സം കൂടാതെ പോകേണ്ട സ്ഥലങ്ങൾക്കനുസരിച്ച് പാർക്ക് ചെയ്യേണ്ടതാണ്. റോഡിനു സമാന്തരമായോ, ഗതാഗതതടസ്സം ഉണ്ടാക്കുന്ന രീതിയിലോ, പാർക്ക് ചെയ്തിരിക്കുന്ന മറ്റു വാഹനങ്ങൾക്ക് കടന്നു പോകുന്നതിന് തടസ്സം ഉണ്ടാക്കുന്ന രീതിയിലോ, പാർക്ക് ചെയ്യുവാൻ പാടില്ല. പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളിൽ ഡ്രൈവറോ, ക്ലീനറോ, ഉണ്ടായിരിക്കേണ്ടതാണ്. വാഹനങ്ങൾ പൂട്ടിയിട്ട് പോകുന്ന അവസരങ്ങളിൽ ഏതെങ്കിലും ഫോൺ നമ്പർ വ്യക്തമായി കാണുന്ന രീതിയിൽ വാഹനങ്ങളിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

ഉപരോധം കഴിഞ്ഞ് വിവധ സ്ഥലങ്ങളിലേക്ക് പോകേണ്ട വാഹനങ്ങൾ ആളെ എടുത്ത് ബൈപ്പാസിലൂടെ തന്നെ വടക്ക് ഭാഗത്തേയ്ക്കും. തെക്ക്ഭാഗത്തേയ്ക്കും പോകേണ്ടതാണ്.

തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

ഫോൺ നമ്പരുകൾ:-

0471-2558731,0471-2558732

പോലീസ് അസിസ്റ്റന്റ് കമ്മീഷണർ
ട്രാഫിക് സബ്ബ് ഡിവിഷൻ (നോർത്ത്)
തിരുവനന്തപുരം സിറ്റി.